തുണിയുടെ വിൽപ്പന

* 436. [27] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഹാൻഡ്ലൂം അപ്പെക്സ് സൊസൈറ്റി മുഖേന 1963 ജനുവരി മുതൽ ഡിസംബർ മാസം വരെ ഉൽപ്പാദിപ്പിക്കുകയും വില്പന നടത്തുകയും ചെയ്ത തുണിയുടേയും വിൽപ്പന ചെയ്തു കിട്ടിയ സംഖ്യയുടേയും മാസംപ്രതിയുള്ള കണക്ക് യഥാക്രമം പറയാമോ ;

(ബി) പ്രസ്തുത സൊസൈറ്റിക്ക് ഒരു വർഷത്തിനിടയിൽ എത്ര ലക്ഷം ഉറുപ്പികയുടെ വ്യാപാരപുരോഗതി ഉണ്ടായിട്ടുണ്ട് ;

(സി) സൊസൈറ്റിയുടെ ഷെയർ മൂലധനത്തിൽ കഴിഞ്ഞ ഒരു വർഷം കൊണ്ട് എത്രമാത്രം വർദ്ധനവുണ്ടായിട്ടുണ്ട് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) † സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) ആൽ ഉടമ്പെടെ മൊത്തം വില്പന 1962-ൽ 28,13,851.52-ഉം 1963-ൽ 49,31,874. 14-ഉം ഇപ്രകാരം വ്യാപാരപുരോഗതി 21,18,022 ഉറുപ്പിക 62 ന.പ.

(സി) 7,94,710 ഉറുപ്പിക.

ഇൻറർ സ്റ്റേറ്റ് ട്രാൻസ്ഫർ

* 437. [32] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് രൂപീകരണത്തോടുകൂടി മറ്റു സ്റ്റേറ്റുകളിൽ ജോലി ചെയ്യേണ്ടിവന്ന മലയാളികളായ ഉദ്യോഗസ്ഥന്മാർ കേരളത്തിലേക്ക് മാറ്റത്തിനു് ആവശ്യപ്പെട്ടാൽ അനുവദിക്കാറുണ്ടോ ;

(ബി) കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്കിൽപ്പെട്ട അരിക്കുളം വില്ലേജിലെ അരിക്കുളത്തു മാതുഅമ്മ 8.12.1959-ൽ കോയമ്പത്തൂരിൽ ജോലി ചെയ്യുന്ന മകൻ ഗോപാലൻ നായർക്ക് (പൃൺ) കേരളത്തിലേക്ക് മാറ്റത്തിനപേക്ഷിച്ചിട്ട് ഇതുവരെ ഒരു നടപടിയും എടുക്കാതിരിക്കാൻ എന്താണ് കാരണം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

മദ്രാസ്, മൈസൂർ എന്നീ സ്റ്റേറ്റുകളിൽ ജോലി ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനും തുല്യപദവിയിൽ കേരളത്തിൽ ജോലി ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനും തമ്മിൽ പരസ്പരമുള്ള മാറ്റം അനുവദിക്കാറുണ്ട്.

(ബി) 19-8-1958-ലെ ഗവണ്മെൻറ് പ്രസ്നോട്ട പ്രകാരം മേലാൽ മറ്റു സ്റ്റേറ്റുകളിലുള്ള ഉദ്യോഗസ്ഥന്മാർക്ക് കേരളത്തിലേക്ക് മാറ്റം നൽകുകയില്ലെന്നു ഗവണ്മെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. അതുകൊണ്ട് ആ തീയതിക്കു ശേഷം ഗവണ്മെൻറിനു ലഭിച്ച അപേക്ഷകളിൽ നടപടിയൊന്നും എടുക്കാറില്ല.

† Appendix IV.

LIBRARY ARCHIVES Kerala Legislative Assembly